ആരാച്ചാർ
മലയാളനോവലിന്റെ ഭാവിവഴി

ഡോ. സ്കറിയ സക്കറിയ

2013-ലെ ഏറ്റവും മികച്ച വായനാനുഭവമായി ഞാൻ കരുതുന്നത് കെ. ആർ.മീരയുടെ ആരാച്ചാർ (2012) എന്ന നോവലാണ്. 552 പുറങ്ങളിൽ ചെറിയ ലിപിയിൽ അച്ചടിച്ചിരിക്കുന്ന നോവൽ വായിച്ചെടുക്കാൻ പത്തു ദിവസത്തോളം വേണ്ടിവന്നു. ഓരോരോ അധ്യായങ്ങൾ പിന്നിട്ട് അമ്പത്തി രണ്ടാം അധ്യായത്തിലെത്തി വായന പൂർത്തിയാക്കുമ്പോൾ സംഭവ ങ്ങളും കഥാപാത്രങ്ങളും രൂപകാവലിയായി അനുഭവപ്പെട്ടു. സംഭവ ങ്ങൾക്കും കഥാപാത്രങ്ങൾക്കും യഥാർഥ ചരിത്രലോകവുമായി തുടർബ ന്ധമോ സാമീപ്യമോ ഉണ്ട്. കഥയുടെ സാംസ്കാരിക ഭൂമിശാസ്ത്രവും ഭൗതികഭൂമിശാസ്ത്രവും അനുഭവകഥയുടെ പ്രതീതി സൃഷ്ടിക്കുന്നു. അധ്യായങ്ങളുടെയും സംഭവങ്ങളുടെയും മുൻപിൻ ബന്ധങ്ങൾ നോവ ലിന്റെ ആഖ്യാനസ്വഭാവംകൊണ്ടു കഥാത്വം നേടി ഭാവനാത്മകമായി വള രുന്നു. അവിടെ കഥാഖ്യാനം മായാതലങ്ങളിലേക്ക് സമാന്തരങ്ങളിലൂടെ ഉയരുന്നു. യഥാർഥലോകവും മായാലോകവും കലർത്തുന്ന സംവേദന തന്ത്രം നവീനമാധ്യമവിദ്യയുടെ ഭാഗമാണല്ലോ. നവീന മാധ്യമതന്ത്രങ്ങൾ സാഹിതീയമായി പുനരവതരിപ്പിക്കുന്നതിലാണ് ആരാച്ചാരുടെ ആഖ്യാ നപരമായ പുതുമ. യഥാർഥ ലോകവും മായാലോകവും ഏറ്റുമുട്ടുമ്പോ ഴുണ്ടാകുന്ന പതനം ചിത്രീകരിച്ചാണ് നോവൽ സമാപിപ്പിക്കുന്നത്. ദുര ന്തത്തിന് മറ്റൊരു ഭാഷ്യം.

ആരാച്ചാരുടെ പുതുമയും ആഖ്യാനകൗശലവും പെട്ടെന്നു മനസ്സി ലാക്കാൻ അവസാന അധ്യായം അപഗ്രഥിച്ചാൽ മതിയാകും. ആരാച്ചാ രുടെ മകൾ ചരിത്രനിയോഗം ഏറ്റെടുത്ത് ആരാച്ചാരായി മാറുന്നു. പൈതൃ കനിയോഗമായി തൂക്കുകയർ കൈയിലെടുത്ത ചേതനാമല്ലിക് നേരിടുന്ന

വെല്ലുവിളികളാകട്ടെ സാർവത്രികവും. ഏതു സംഭവവും അനുഭവവും മാധ്യമീകരിച്ചു വിവരവിനോദമാക്കുന്ന ഡിജിറ്റൽ യുഗതന്ത്രങ്ങൾ പെണ്ണിന്റെ മനസ്സിലും ശരീരത്തിലും പരുക്കുകളുണ്ടാക്കുന്നു. അതുകൊണ്ട് ദുഃഖമൂർത്തിയും സർവംസഹയുമായി മാറാൻ ചേതനാമല്ലിക് എന്ന പ്രഥമ വനിതാ ആരാച്ചാർ തയാറല്ല. അവളുടെ ചെറുത്തുനിൽപ്പ് ഒരു സ്ത്രീരചന എന്ന നിലയിൽ ആരാച്ചാരിനു മൂല്യവർധന നൽകുന്നു. മാധ്യമതന്ത്രങ്ങളെ അതേ തന്ത്രങ്ങളിൽ ഇടപെട്ടു പിടിച്ചെടുക്കുന്ന കഥാപാത്രമാണ് ചേതനാമല്ലിക്. തൂക്കിക്കൊലയുടെ തൽക്ഷണസംപ്രേക്ഷണം സാധിക്കാത്തതുകൊണ്ട് സ്റ്റുഡിയോയിലെ ടോക്ഷോയിലൂടെ തൂക്കിക്കൊല അഭിനയിച്ച് ആവർത്തിക്കാൻ ശ്രമിക്കുന്നു. അതിൽ തന്ത്രപരമായി ഇടപെട്ടു മാധ്യമപ്രവർത്തകനായ സഞ്ജീവ്കുമാറിനെ ചേതനാമല്ലിക് തൂക്കിക്കൊല്ലുന്ന രംഗം ഒരു മായികാനുഭവമാണ്. നോവലിലെ പൂർവരംഗങ്ങളുടെ, വിശിഷ്യ ചേതനയെ പീഡിപ്പിക്കാൻ സഞ്ജീവ് നടത്തുന്ന ശ്രമങ്ങളുടെ ഓർമബലത്തിൽ ചേതനയോടൊപ്പം നിൽക്കാൻ വായനക്കാർക്കു കഴിയും. ഇതു ശക്തമായ ഒരു സംവേദനതന്ത്രമാണ്. പ്രണയവും ദാമ്പത്യവും കാമവുമെല്ലാം പല മട്ടിൽ ചർച്ച ചെയ്യപ്പെടുന്നിടത്തു മാധ്യമ പ്രവർത്തകന്റെ 'തൂക്കിലേറ്റൽ'മായികമെങ്കിലും ധാർമികപ്രസക്തിയുള്ള സംഭവമായി മാറുന്നു. സ്ത്രീയുടെ പ്രതിഷേധം ഉടൽപൂണ്ടതാണ് തൂക്കിലേറ്റൽ എന്ന തിരിച്ചറിവിലേക്കു ആഖ്യാനബലം വായനക്കാരെ എത്തിക്കുന്നു.

ധാരാളം കഥാപാത്രങ്ങളും സംഭവങ്ങളുമുള്ള നോവലിൽ നാനാവിധമായ ആഖ്യാനങ്ങൾക്കിടയിൽ സംവേദനപരമായ കൃത്യത പാലിക്കാൻ കഴിയുന്നത് ഈ നോവലിന്റെ മൗലിക സവിശേഷതയാണ്. സംഭവപരമ്പരയുടെ ആസൂത്രണത്തിൽ ജനപ്രിയസാഹിത്യത്തിന്റെ സംവേദനതന്ത്രങ്ങൾ വിജയകരമായി ഉപയോഗിച്ചിരിക്കുന്നു. പ്രമേയമാകട്ടെ കുടുംബം, ഭരണകൂടം, ശരീരം, മരണം, രതി, പ്രണയം, ദാമ്പത്യം തുടങ്ങിയവയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകൾകൊണ്ട് പ്രകാശമാനമാണ് ആരാച്ചാർ. ഡിസൈൻ എന്ന ഇംഗ്ലീഷ് വാക്ക് ഉപയോഗിച്ചാൽ ആരാച്ചാരുടെ സംവിധാനഭംഗി വെളിവാക്കാം. ഇന്നു മലയാളനോവലിൽ ഡിസൈൻ എന്ന ഗുണവിശേഷം പലപ്പോഴും പ്രകടമായി കാണാറില്ല. ഏതു രചനയ്ക്കും ഡിസൈൻ ഉണ്ടാകും. സാഹിത്യകൃതിയുടെ ഡിസൈൻ ഗണിച്ചെടുക്കുന്നത് ലിറ്റററി എഡിറ്ററാണ്. നിർഭാഗ്യവശാൽ മലയാളപ്രസാധനാലയങ്ങളിൽ ഇപ്പോഴും ലിറ്റററി എഡിറ്ററുടെ കസേര ഒഴിഞ്ഞുകിടക്കുകയാണ്.

മലയാള ചെറുകഥയിലും കവിതയിലുമാണ് ഡിസൈൻ സൗഭാഗ്യം പ്രകടമായി കാണുന്നത്. പക്ഷേ, പലപ്പോഴും അതു നിർലക്ഷ്യമായിരിക്കും. ആരാച്ചാരിലാകട്ടെ കാഴ്ച്പ്പാടിന്റെ ബലംകൊണ്ട് ഉന്നവും

തന്ത്രവും ഡിസൈനിന്റെ ഭാഗമായി തെളിഞ്ഞുകാണുന്നു. ചേതനാമല്ലിക്കിനെ മുഖ്യവക്താവായി നിർത്തിക്കൊണ്ടുള്ള കഥ പറച്ചിൽ സാർവലൗകികസത്യങ്ങൾ പ്രഖ്യാപിക്കുന്നു എന്ന മട്ടിലല്ല കടന്നുപോകുന്നത്. ചരിത്രത്തെയും വർത്തമാനത്തെയും കണ്ടറിവ്, കേട്ടറിവ്, തൊട്ടറിവ്, മണത്തറിവ്, രുചിച്ചറിവ് എന്ന മട്ടിൽ ശരീരപരമാക്കി അവതരിപ്പിക്കാൻ നോവലിസ്റ്റ് ശ്രദ്ധിക്കുന്നു. ഒന്നാം അധ്യായത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം:

"ഞങ്ങളുടെ ആവാസവ്യവസ്ഥ... മോട്ടോർവണ്ടികളും ഉന്തുവണ്ടികളും കുതിരവണ്ടികളും വഴിയോരക്ഷേത്രങ്ങളിലെ മണിയൊച്ചകളും ബലിമൃഗങ്ങളുടെ കരച്ചിലും സർക്കുലർ ട്രെയിനുകളെക്കാൾ ശബ്ദമുണ്ടാക്കി. നെയ്യിലും സൂര്യകാന്തിയെണ്ണയിലും മൊരിയുന്ന മധുരപലഹാരങ്ങളുടെയും വിറകിൻചിതയിലെരിയുന്ന മൃതദേഹങ്ങളുടെയും ഗന്ധം ഇടകലർന്നു ഞങ്ങളെ ചൂഴ്ന്നു."

നോവലിന്റെ പരിസ്ഥിതി മുഴുവൻ ഈ രൂപകത്തിലുണ്ട്. ആഖ്യാനത്തിലെ ഇത്തരം ബഹുമുഖത്വം ആധുനിക സംവേദനവിദ്യയുടെ മർമമാണ്. വാക്കുകൾക്കു ശാരീരികത പകരാൻ അഗാധമായ ഭാഷാദർശനവും ജീവിതക്കാഴ്ചയും ആവശ്യമാണ്. എഴുത്തുകാരുടെ സർഗാത്മക സംവേദനചിഹ്നം.

ആരാച്ചാരിലെ ഭാഷ കാലത്തിലൂടെ മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുന്നത് ആഖ്യാനകലയുടെ പ്രാധാന്യം വെളിവാക്കിക്കൊണ്ടാണ്. സിദ്ധമായ യഥാർഥലോകത്തുനിന്നു സാധ്യതകളുടെ ലോകങ്ങളിലേക്കു സഞ്ചരിക്കാൻ ഭാഷയെ പരുവപ്പെടുത്തിയെടുക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിരിക്കുന്നു. സാധ്യതകളുടെ ലോകങ്ങൾ തുറക്കുന്ന ഭാഷയുടെ മാതൃക രണ്ടാം അധ്യായത്തിന്റെ അവസാനത്തിൽ ഭാവിചരിത്രമായി തെളിഞ്ഞുവരുന്നതു നോക്കുക:

"സഞ്ജീവ്കുമാർ മിത്ര..." അച്ഛൻ രോഷാകുലനായി ചാടിയെഴുന്നേറ്റു.

"അവന്റെ മരണം എന്റെ കൈകൊണ്ടായിരിക്കും."

"അച്ഛനു തെറ്റിപ്പോയി. അയാൾ മരിക്കേണ്ടത് എന്റെ കൈകൊണ്ടായിരുന്നു. അതുകൊണ്ടാണ് എനിക്ക് അയാളോട് ആ നിമിഷംതന്നെ ആകർഷണം അനുഭവപ്പെട്ടത്... ആ സമയത്ത് അയാളോട് എനിക്കു തോന്നിയ വികാരത്തെയാണ് ജനങ്ങൾ പ്രണയം എന്നു വിളിച്ചിരുന്നതെന്നു ബോധ്യം വരാൻ പിന്നെയും ഏറെക്കാലമെടുത്തു. കഴുത്തിലെ മൂന്നും നാലും കശേരുക്കൾക്ക് ഇടയിൽ ഉറപ്പിച്ച കുരുക്കുപോലെയായിരുന്നു ഞങ്ങളുടെയെല്ലാം പ്രണയങ്ങൾ. കുരുക്ക് ഒന്നുകിൽ മുറികി ആൾ മരിച്ചു. ഇല്ലെങ്കിൽ കയർ പൊട്ടി ആൾ രക്ഷപ്പെട്ടു. പക്ഷേ, കയർ പൊട്ടിച്ചവർക്കും കഴുത്തിൽനിന്ന് കുടുക്ക് ഒരിക്കലും ഊരിക്കളയാൻ സാധിച്ചില്ല."

തുടർന്നുവരുന്ന അൻപതോളം അധ്യായങ്ങളിലൂടെ ബന്ധങ്ങളുടെ നാനാവിധത്വം വിസ്തരിച്ചു മനസ്സിലാക്കി പാഠസാധ്യതകളുടെ ഭാവനാ വഴികളിലൂടെ വായനക്കാർ സഞ്ചരിക്കുന്നു. അവസാന അധ്യായത്തിന്റെ അവസാനവാക്യം ഒടുക്കമല്ല തുടക്കമാണ് കുറിക്കുന്നത്:

"ഞാൻ ഭവിഷ്യത്തിലേക്കുള്ള യാത്ര ആരംഭിച്ചു."

കെ.ആർ. മീരയുടെ ആരാച്ചാർ എല്ലാ അർഥത്തിലും ഭാവിയുടെ ചരിത്രം പറയുന്ന ആഖ്യാനമാതൃകകളിലൂടെ നോവൽസാഹിത്യത്തിൽ നവസംവേദനവഴി തുറന്നിരിക്കുന്നു. ഇതു ഭാഷയിലും ഭാവത്തിലും ദർശനത്തിലും ഭാവിമലയാളത്തിന്റെ വഴിയാണ്. ഓർമയും ഓർമയുടെ വ്യാഖ്യാനവും ഭാവിയുടെ ഓർമയും കലർന്നുണ്ടാകുന്നതാണ് ആരാച്ചാരിലെ ഭാവിമലയാളം, ഭാവിനോവൽ.